03
2025
ഫെബ്രുവരി
തിങ്കൾ
മകരം 21

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.67 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-67 പേജ് 4. വില 2.00 രൂപ




02 വ്യാപാരയുദ്ധം: അമേരിക്കയ്ക്കു ചുങ്കം ചുമത്തി കാനഡയും മെക്സിക്കോയും

03 വാഹന നികുതി : ഒറ്റതവണ നികുതി കുടിശ്ശിക തീർപ്പാക്കൽ മാർച്ച് 31 വരെ

04 തിരുവനന്തപുരം പഠനയാത്ര പൂർത്തിയാക്കി "സൂപ്പർ 100" വിദ്യാർത്ഥിനികൾ

# ബലക്ഷയം: വൈറ്റിലയിലെ സൈനിക ഫ്ളാറ്റ് പൊളിക്കണമെന്ന് ഹൈക്കോടതി

കൊച്ചി: വൈറ്റിലയിൽ സൈനികർക്കായി നിർമിച്ച ഫ്ലാറ്റിന്റെ രണ്ടുടവർ പൊളിക്കണമെന്ന് ഹൈക്കോടതി. ഫ്ലാറ്റുകൾ സുരക്ഷിതമല്ലെന്ന് കാണിച്ച് താമസക്കാർ നൽകിയ ഹർജിയിലാണ് ഉത്തരവ്. ചന്ദർ കുഞ്ച് എന്ന അപ്പാർട്ട്മെൻറിൽ മൂന്ന് ടവറുകളാണുള്ളത്.

ഇതിൽ ബി, സി ടവറുകൾ പൊളിച്ച് നീക്കി പുതിയത് പണിയാൻ ആർമി വെൽഫെയർ ഹൗസിംഗ് ഓർഗനൈസേഷനാണ് കോടതി നിർദ്ദേശം നൽകിയിരിക്കുന്നത്. സൈനിക ഉദ്യോഗസ്ഥർ, വിരമിച്ച സൈനിക ഉദ്യോഗസ്ഥർ എന്നിവർക്കായി 2018ലാണ് ഫ്ലാറ്റ് നിർമിച്ചത്.




ബലക്ഷയം സംഭവിച്ച ഫ്ലാറ്റിന്റെ രണ്ട് ടവറുകളിൽ താമസക്കാർ തുടരുന്നത് സുരക്ഷിതമല്ലെന്ന് കോടതി നിരീക്ഷിച്ചു. ഇവിടെ നിന്നു മാറുന്നവർക്ക് പ്രതിമാസ വാടക നൽകണമെന്നും പുതിയ ഫ്ലാറ്റുകളുടെ നിർമാണം പൂർത്തിയാകും വരെ അത് തുടരണമെന്നും ഹൈക്കോടതി ഉത്തരവിൽ പറയുന്നു.

21000 മുതൽ 23000 വരെ രൂപ മാസ വാടക ഇനത്തിൽ നൽകണമെന്നാണ് നിർദേശം. ഫ്ലാറ്റുകൾ പൊളിക്കുന്നതിനും പുതിയത് പണിയുന്നതിനും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സമിതി രൂപീകരിക്കണം.

നിലവിലുള്ള ഫ്ലാറ്റുകളുടെ അതേ സൗകര്യവും വലിപ്പവും പുതുതായി നിർമിക്കുന്ന ഫ്ലാറ്റുകൾക്ക് വേണമെന്നും ഹൈക്കോടതി നിർദേശിച്ചു.

## റെയിൽവേ വികസനം; കേരളത്തിന് 3042 കോടി: അശ്വിനി

ന്യൂഡൽഹി: റെയിൽവേ വികസനത്തിനായി കേരളത്തിന് 3042 കോടി രൂപ വകയിരുത്തിയതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. 50 നമോ ഭാരത് ട്രെയിനുകളും 200 വന്ദേ ഭാരത് ട്രെയിനുകളും 100 പുതിയ അമൃത് ഭാരത് ട്രെയിനുകളും കൊണ്ടുവരുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

നമോ ഭാരത് ട്രെയിനുകൾ നൂറു കിലോമീറ്റർ ദൂരപരിധിയിലാണ് സർവീസ് നടത്തുന്നത്. റെയിൽവേ സുരക്ഷയ്ക്ക് 1.16 ലക്ഷം കോടി രൂപയും വകയിരുത്തിയതായി അദ്ദേഹം പറഞ്ഞു. 2.52 ലക്ഷം കോടി രൂപയാണ് ബജറ്റിൽ ധനമന്ത്രി നിർമല സീതാരാമൻ റെയിൽവേയ്ക്കായി നീക്കി വച്ചത്.

കേരളത്തിലേക്ക് കൂടുതൽ ട്രെയിനുകൾ എത്തിക്കുന്നത് പരിഗണനയിലാണ്. ശബരി റെയിൽ പാതയുടെ കാര്യത്തിൽ ത്രികക്ഷി കരാറിൽ ഏർപെടാൻ സംസ്ഥാനത്തോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സംസ്ഥാന സർക്കാർ മറുപടി നൽകിയില്ലെന്നും അദ്ദേഹം പറഞ്ഞു.

## വൈദികനെ ആക്രമിച്ച സംഭവം അപലപനീയം: കത്തോലിക്ക കോൺഗ്രസ്

കൊച്ചി: ഏകീകൃത കുർബാന അർപ്പിക്കാൻ തയാറാകുന്ന വൈദികരെ ആക്രമിക്കാനുള്ള ശ്രമങ്ങൾ അംഗീകരിക്കാനാകില്ലെന്ന് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി.

പ്രസാദഗിരി വരിക്കാംകുന്ന് പള്ളിയിൽ വിശുദ്ധ കുർബാന അർപ്പണം അലങ്കോലപ്പെടുത്തുകയും കാർമികനെ ബലിപീഠത്തിൽനിന്നു വലിച്ചിഴച്ച് മാറ്റി ആക്രമിക്കുകയും ചെയ്ത സംഭവത്തിൽ ഉത്തരവാദികളാവർക്കെതിരേ കേസെടുക്കാൻ പോലീസും മനുഷ്യാവകാശ കമ്മീഷനും തയാറാകണം. പ്രസാദഗിരി പള്ളി മുൻ വികാരി ഫാ. ജെറിൻ പാലത്തിങ്കലിനെതിരേ ശക്തമായ നടപടികൾ സ്വീകരിക്കാൻ സഭാനേതൃത്വം തയാറാകണം. പരിക്കേറ്റ ഫാ. ജോൺ തോട്ടുപ്പുറത്തിനെ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ എറണാകുളംഅങ്കമാലി അതിരൂപത ഭാരവാഹികൾ ആശുപത്രിയിൽ സന്ദർശിച്ചു. ഏകീകൃത കുർബാന വിഷയത്തിൽ യാതൊരു വിധ വിട്ടുവീഴ്ചയും അനുവദിക്കരുതെന്നും കത്തോലിക്ക കോൺഗ്രസ് ഭാരവാഹികൾ മേജർ ആർച്ച്ബിഷപ്പിനോടും സിനഡ് പിതാക്കന്മാരോടും ആവശ്യപ്പെട്ടു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡൻറ് പ്രഫ. രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ, ഭാരവാഹികളായ ഡോ. ജോസ്കുട്ടി ജെ. ഒഴുകയിൽ, അഡ്വ. ടോണി പുഞ്ചക്കുന്നേൽ, പ്രഫ. കെ.എം. ഫ്രാൻസിസ്, ബെന്നി ആൻറണി, ഫ്രാൻസിസ് മൂലൻ, സെബാസ്റ്റ്യൻ ചെന്നെക്കാടൻ, എസ്. ഐ. തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

## സിപിഎം സംസ്ഥാന സമ്മേളനം: തൊഴിലാളി സംഗമങ്ങൾക്ക് ഇന്ന്

കൊല്ലം: സിപിഎം സംസ്ഥാന സമ്മേളനഭാഗമായി സിഐടിയു ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന തൊഴിലാളി സംഗമങ്ങൾ ഇന്ന് തുടങ്ങും. ജില്ലയിലെ 18 ഏരിയകളിലും ആയിരക്കണക്കിന് തൊഴിലാളികൾ സംഗമങ്ങളിൽ പങ്കെടുക്കുമെന്ന് സിഐടിയു ജില്ലാ പ്രസിഡൻറ് ബി. തുളസീധരക്കുറുപ്പും സെക്രട്ടറി എസ്. ജയമോഹനും അറിയിച്ചു.

'ജോലിയും കൂലിയും സംരക്ഷിക്കാൻ നമുക്കൊത്തു ചേരാം ; പോരാടാം' എന്ന മുദ്രാവാക്യമുയർത്തി കൊണ്ടാണ് സിഐടിയു ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിപുലമായ തൊഴിലാളി സംഗമങ്ങൾ സംഘടിപ്പിക്കുന്നത്. ഇതോടൊപ്പം 68 ഗ്രാമപഞ്ചായത്തുകളിലും നാല് നഗരസഭകളിലും കൊല്ലം കോർപറേഷനിലും ഇതേ മുദ്രാവാക്യമുയർത്തി സംഗമങ്ങൾ നടക്കും. ഏരിയ തലത്തിൽ ആയിരം തൊഴിലാളികളും തദ്ദേശ സ്ഥാപന തലത്തിൽ 500 തൊഴിലാളികളും പങ്കെടുക്കും.

സംഗമങ്ങളുടെ ഉദ്ഘാടനം ഇന്ന് ഉച്ചകഴിഞ്ഞ് മൂന്നിന് പുനലൂരിൽ എൽഡിഎഫ് കൺവീനറും സിഐടിയു സംസ്ഥാന പ്രസിഡൻറു മായ ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. വൈകുന്നേരം അഞ്ചിന് കടയ്ക്കലിലെ സംഗമവും മുൻ തൊഴിൽ വകുപ്പ് മന്ത്രി കൂടിയായ ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

സി ഐടി യു സംസ്ഥാന സെക്രട്ടറി എളമരം കരീം, ദേശീയ വൈസ് പ്രസിഡൻറ് ജെ.മേഴ്സിക്കുട്ടിയമ്മ, സംസ്ഥാന നേതാക്കളായ അഡ്വ. സുനിൽകുമാർ, ബി.ബി.ഹർഷകുമാർ, സിഎസ് .സുജാത, പി.സജി, ഹരിലാൽ, നെടുവത്തൂർ സുന്ദരേശൻ എന്നിവർ സംഗമങ്ങൾക്ക് നേതൃത്വം നൽകും.

## സമുദ്രതീരം സന്ദർശിച്ച് കല്ലുവാതുക്കൽ യുപി സ്കൂൾ വിദ്യാർഥികൾ

കല്ലുവാതുക്കൽ: കല്ലുവാതുക്കൽ യുപി സ്കൂളിലെ ജെആർസി യൂണിറ്റ് വിദ്യാർഥികൾ ക്യാമ്പിന്റെ ഭാഗമായി കല്ലുവാതുക്കൽ സമുദ്രതീരം മതേതര വയോജന കേന്ദ്രം സന്ദർശിച്ചു.

ജെആർസി യൂണിറ്റ് വിദ്യാർഥികൾ സമുദ്രതീരം കൂട്ടുകുടുംബത്തിലെ അച്ഛനമ്മമാർക്കായി ഗാനങ്ങൾ ആലപിക്കുകയും നൃത്തങ്ങൾ അവതരിപ്പിക്കുകയും ലഹരിക്കെതിരായ ബോധവൽക്കരണ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

അച്ഛനമ്മമാരോടൊപ്പം സമയം ചെലവിടുകയും അവരുടെ വിശേഷങ്ങൾ ചോദിച്ചറിയുകയും ചെയ്തു. കല്ലുവാതുക്കൽ യുപി സ്കൂൾ ഹെഡ്മിസ്ട്രസ് ബിന്ദു, സമുദ്രതീരം ചെയർമാൻ റൂവൽ സിംഗ്, അധ്യാപകരായ ബീന, ദീപ, രാജി, അനൂപ, ദീപ്തി, ചിക്കു, അക്ഷയ്, മനോജ്, കല്ലുവാതുക്കൽ യുപി സ്കൂൾ പിടിഎ പ്രസിഡൻറ് ദീപ, പിടിഎ അംഗങ്ങളായ വിനി, ശ്രീല, കാർത്തിക, പ്രിയ, രക്ഷകർത്താക്കൾ തുടങ്ങിയവർ പങ്കെടുത്തു.

## ലൈംഗികാതിക്രമ കേസ്: മുകേഷിനും മണിയൻപിള്ള രാജുവിനുമെതിരേ എസ്ഐടി കുറ്റപത്രം സമർപ്പിച്ചു

കൊച്ചി: ആലുവ സ്വദേശിനിയായ നടിയുടെ പരാതികളിൽ നടനും എംഎൽഎയുമായ എം. മുകേഷ്, നടനും നിർമാതാവുമായ മണിയൻപിള്ള രാജു, സംവിധായകൻ ശ്രീകുമാർ മേനോൻ എന്നിവർക്കെതിരേ രജിസ്റ്റർ ചെയ്ത കേസുകളിൽ പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) കുറ്റപത്രങ്ങൾ സമർപ്പിച്ചു.

എറണാകുളം ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലാണ് കുറ്റപത്രങ്ങൾ സമർപ്പിച്ചത്. മുകേഷിനെതിരേ ഉയർന്ന ആരോപണങ്ങൾ തെളിഞ്ഞെന്നും മണിയൻപിള്ള രാജുവിനെതിരായ കേസിൽ സാഹചര്യത്തെളിവുകളുണ്ടെന്നും കുറ്റപത്രങ്ങളിൽ പറയുന്നു.

കഴിഞ്ഞവർഷം ഓഗസ്റ്റിലാണ് ആലുവ സ്വദേശിനി മുകേഷിനെതിരേ പരാതി നൽകിയത്. സിനിമയിൽ അവസരം വാഗ്ദാനം ചെയ്തും താരസംഘടനയായ 'അമ്മ' യിൽ അംഗത്വം നൽകാമെന്ന് ഉറപ്പുനൽകിയും ലൈംഗികമായി ചൂഷണം ചെയ്തെന്നായിരുന്നു പരാതി. 2010 ലായിരുന്നു കേസിനാസ്പദമായ സംഭവം.

സംഭവം നടന്ന് വർഷങ്ങൾ പിന്നിട്ടെങ്കിലും ഡിജിറ്റൽ തെളിവുകൾ ശേഖരിക്കാൻ പ്രത്യേക അന്വേഷണസംഘത്തിനു കഴിഞ്ഞത് നേട്ടമായി. ഇമെയിൽ സന്ദേശങ്ങളും വാട്സ്ആപ്പ് ചാറ്റുകളും പരാതിക്കാരുമായി മുകേഷ് ഒരുമിച്ച് യാത്ര ചെയ്തതിന്റെ സാഹചര്യത്തെളിവുകളും ഇവരെ ഒരുമിച്ചു കണ്ട സാക്ഷികളുടെ മൊഴികളും ഉൾപ്പെടെയുള്ള തെളിവുകളാണ് ലഭിച്ചിട്ടുള്ളത്. കേസിൽ മുകേഷിനെ അറസ്റ്റ് ചെയ്യുകയും ജാമ്യമത്തിൽ വിടുകയും ചെയ്തിരുന്നു.

കുട്ടിക്കാനത്തു നിന്ന് ലൊക്കേഷനിലേക്ക് കാറിൽ പോകുന്നതിനിടെ ലൈംഗികച്ചുവയോടെ സംസാരിക്കുകയും കടന്നുപിടിക്കാൻ ശ്രമിക്കുകയും ചെയ്തുവെന്നാണ് മണിയൻപിള്ള രാജുവിനെതിരായ പരാതി. 2009ലായിരുന്നു സംഭവം.

പരസ്യചിത്രത്തിന്റെ ചിത്രീകരണത്തിനായി അവസരം വാഗ്ദാനം ചെയ്തതനുസരിച്ച് എത്തിയപ്പോൾ കുണ്ടന്നൂരിലെ പഞ്ചനക്ഷത്ര ഹോട്ടലിൽവച്ച് പീഡിപ്പിച്ചെന്നാണ് ശ്രീകുമാർ മേനോനെതിരായ കേസ്.

## അപേക്ഷ ക്ഷണിച്ചു

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരള നടത്തുന്ന മെഡിക്കൽ കോഡിങ് & മെഡിക്കൽ ബില്ലിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പൂർണമായും ഓൺലൈൻ നടക്കുന്ന കോഴ്സിലേക്ക് ബിരുദധാരികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9495999741/601



# വ്യാപാരയുദ്ധം:

## കാനഡ, മെക്സിക്കോ, ചൈന രാജ്യങ്ങൾക്ക് ചുങ്കം ചുമത്തി ട്രംപ്; അമേരിക്കയ്ക്കു ചുങ്കം ചുമത്തി കാനഡയും മെക്സിക്കോയും

വാഷിംഗ്ടൺ ഡിസി: കാനഡ, മെക്സിക്കോ എന്നീ അയൽക്കാർക്കും ആഗോളരംഗത്തെ മുഖ്യ എതിരാളിയായ ചൈനയ്ക്കും ചുങ്കം ചുമത്തിക്കൊണ്ട് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് പുതിയ ആഗോള വ്യാപരയുദ്ധം പ്രഖ്യാപിച്ചു.

കാനഡയിൽനിന്നും മെക്സിക്കോയിൽനിന്നും അമേരിക്കയിലേക്ക് ഇറക്കുമതി ചെയ്യുന്ന വസ്തുക്കൾക്ക് 25 ശതമാനം ചുങ്കമാണ് ഏർപ്പെടുത്തിയത്. ചൈനീസ് ഉത്പന്നങ്ങൾക്കുമേൽ മുന്പുണ്ടായിരുന്നതിനു പുറമേ 10 ശതമാനം ചുങ്കവും ചുമത്തി.

അമേരിക്കയിലേക്കുള്ള കുടിയേറ്റക്കാരുടെ വരവും മയക്കുമരുന്നിന്റെ ഒഴുക്കും തടയാത്തതിന്റെ പേരിലാണ് നടപടികളെന്ന് ട്രംപ് വിശദീകരിച്ചു. മൂന്നു രാജ്യങ്ങൾ അമേരിക്കയ്ക്കെതിരേ പ്രതികാര നടപടികൾക്കു മുതിർന്നാൽ ഇനിയും ചുങ്കം ചുമത്തുമെന്നും അദ്ദേഹം ഭീഷണി മുഴക്കി.

അതേസമയം കാനഡയും മെക്സിക്കോയും തിരിച്ചടിയായി അമേരിക്കയ്ക്കെതിരേ 25 ശതമാനം ചുങ്കം ചുമത്തുമെന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു.

അമേരിക്കയിൽനിന്നുള്ള 15,500 കോടി ഡോളർ മതിപ്പുവരുന്ന ഉത്പന്നങ്ങൾക്ക് 25 ശതമാനം ചുങ്കം ചുമത്തുമെന്നാണ് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ അറിയിച്ചത്. മദ്യം, പഴവർഗങ്ങൾ, പച്ചക്കറി, വസ്ത്രം, ഫർണിച്ചർ മുതലായവ ഇതിൽ ഉൾപ്പെടുന്നു. 3000 കോടി ഡോളർ മതിപ്പുവരുന്ന ഉത്പന്നങ്ങൾക്കുള്ള ചുങ്കം നാളെതന്നെ നിലവിൽവരും.

അമേരിക്കയിൽ ഗുരുതര പ്രതിസന്ധി സൃഷ്ടിക്കുന്ന ഫെൻറാനിൽ എന്ന മയക്കുമരുന്ന് ഒരു ശതമാനം മാത്രമാണ് കാനഡിയൻ അതിർത്തിലിലൂടെ കടക്കുന്നതെന്നും അദ്ദേഹം വിശദീകരിച്ചു.

അമേരിക്കൻ ഇറക്കുമതിക്ക് 25 ശതമാനം ചുങ്കം ചുമത്താൻ ധനമന്ത്രിക്കു നിർദേശം നല്കിയതായി മെക്സിക്കൻ പ്രസിഡൻറ് ക്ലോഡിയ ഷെയിൻബോം അറിയിച്ചു. മെക്സിക്കൻ സർക്കാരിന് മയക്കുമരുന്നു സംഘടനകളുമായി ബന്ധമുണ്ടെന്ന ട്രംപ് ഭരണകൂടത്തിന്റെ ആരോപണം തള്ളിക്കളഞ്ഞ അവർ, മയക്കുമരുന്നു സംഘടനകൾക്ക് നിയമവിരുദ്ധമായി ആയുധങ്ങൾ ലഭിക്കുന്നതു തടയാൻ അമേരിക്ക നടപടി എടുക്കുകയാണ് വേണ്ടതെന്നും ആവശ്യപ്പെട്ടു.

ചൈന അമേരിക്കയ്ക്കെതിരേ നടപടികൾക്കു മുതിരുന്നതിനു പകരം ലോകവ്യാപാര സംഘടനയിൽ പരാതി നല്കുമെന്നാണ് അറിയിച്ചിരിക്കുന്നത്. അമേരിക്കയും മറ്റു രാജ്യങ്ങളും പരസ്പരം ചുങ്കം ചുമത്തുന്നതു മൂലമുള്ള വില വർധന സഹിക്കേണ്ടിവരുന്നത് സാധാരണ ജനങ്ങളാണെന്ന് സാന്പത്തികവിദഗ്ധർ ചൂണ്ടിക്കാട്ടി.

കഴിഞ്ഞവർഷത്തെ അമേരിക്കയുടെ ഇറക്കുമതിയിൽ 40 ശതമാനവും കാനഡ, മെക്സിക്കോ, ചൈന എന്നീ രാജ്യങ്ങളിൽനിന്നായിരുന്നു. അമേരിക്ക, കാനഡ, മെക്സിക്കോ രാജ്യങ്ങളുടെ സന്പദ്വ്യവസ്ഥകൾ പരസ്പരം ബന്ധിതവുമാണ്.

ഓരോ ദിവസവും ഏകദേശം 200 കോടി ഡോളറിന്റെ ഉത്പന്നങ്ങൾ ഈ രാജ്യങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുന്നുണ്ട്. അമേരിക്കയ്ക്ക് ഏറ്റവും കൂടുതൽ ക്രൂഡ് നല്കുന്നതും കാനഡയാണ്. കഴിഞ്ഞ വർഷം ജനുവരി മുതൽ നവംബർ വരെയുള്ള അമേരിക്കൻ ക്രൂഡ് ഇറക്കുമതിയിൽ 61 ശതമാനവും കാനഡയിൽനിന്നായിരുന്നു.

# സൊമാലിയയിലെ ഐഎസ് കേന്ദ്രങ്ങളിൽ യുഎസ് വ്യോമാക്രമണം

വാഷിംഗ്ടൺ ഡിസി: സൊമാലിയയിലെ ഐഎസ് കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് അമേരിക്കൻ സേന വ്യോമാക്രമണം നടത്തിയെന്നും ഒട്ടേറെ ഭീകരർ കൊല്ലപ്പെട്ടുവെന്നും പ്രസിഡൻറ് ഡോണൾഡ് ട്രംപ് അറിയിച്ചു. ഗുഹകളിൽ ഒളിച്ചിരുന്ന ഭീകരർ അമേരിക്കയ്ക്കും സഖ്യകക്ഷികൾക്കും വലിയ ഭീഷണി ഉയർത്തിയിരുന്നെന്നും ട്രംപ് കൂട്ടിച്ചേർത്തു.

വടക്കൻ സൊമാലിയയിലെ ഗോലിസ് മലനിരകളിലാണ് ആക്രമണം നടത്തിയതെന്ന് യുഎസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്ത് അറിയിച്ചു.

ആദ്യനിഗമനമനുസരിച്ച് നിരവധി ഐഎസ് ഭീകരർ കൊല്ലപ്പെട്ടിട്ടുണ്ട്. സൊമാലിയൻ മണ്ണിൽനിന്ന് കൂടുതൽ ഭീകരാക്രമണങ്ങൾ ആസൂത്രണം ചെയ്യാനും നടത്താനും ഇനി ഐഎസ് പ്രാപ്തമല്ല. ഭീകരശക്തികളെ ഉന്മൂലനം ചെയ്യാൻ അമേരിക്ക പ്രതിജ്ഞാബദ്ധമാണെന്നതിന്റെ വ്യക്തമായ സൂചനയാണിത്. -അദ്ദേഹം പറഞ്ഞു.

ആക്രമണവിവരം സൊമാലിയൻ പ്രസിഡൻറ് ഹസൻ ഷെയ്ഖ് മുഹമ്മദിനെ മുൻകൂട്ടി അറിയിച്ചിരുന്നു. തീവ്രവാദികളെ നേരിടാൻ സഹായിക്കുന്ന അമേരിക്കയ്ക്കും പ്രസിഡൻറ് ട്രംപിനും നന്ദി അറിയിക്കുന്നതായി അദ്ദേഹത്തിന്റെ ഓഫീസ് പറഞ്ഞു.

അതേസമയം, ഐഎസിന്റെ ഉന്നതനേതാക്കളെ വ്യോമാക്രമണത്തിലൂടെ ഇല്ലാതാക്കിയതിന് അന്താരാഷ്ട്ര സുഹൃത്തുക്കൾക്ക് നന്ദി പറയുന്നതായി സൊമാലിയയിലെ പുൻറ്ലാൻഡ് സംസ്ഥാന സർക്കാർ അറിയിച്ചു. 2010കളിൽ സിറിയയിലും ഇറാക്കിലും ശക്തമായിരുന്ന ഐഎസ് ഭീകരർ അമേരിക്കയുടെയും സഖ്യകക്ഷികളുടെയും നിരന്തര ആക്രമണങ്ങളിൽ ഏറെക്കുറേ ശോഷിച്ചുപോയിരുന്നു. അൽക്വയ്ദയുടെ ഉപവിഭാഗമായ അൽ ഷബാബ് ഗ്രൂപ്പിലെ ഏതാനും പേർ ചേർന്ന് 2015ലാണ് ഐഎസിന്റെ സൊമാലിയ ഘടകം രൂപീകരിക്കുന്നത്. ഗ്രാമീണജനങ്ങളെ കൊള്ളയടിച്ചും നിരന്തര ആക്രമണം നടത്തിയും സൊമാലിയൻ സർക്കാരിന് വലിയ ഭീഷണിയാണ് ഐഎസ് ഭീകരർ സൃഷ്ടിച്ചുകൊണ്ടിരുന്നത്.

2023ൽ പ്രസിഡൻറ് ജോ ബൈഡന്റെ നിർദേശപ്രകാരം അമേരിക്കൻ സേന വടക്കൻ സൊമാലിയയിലെ പർവതമേഖലയിൽ നടത്തിയ വ്യോമാക്രമണത്തിൽ ഐഎസ് നേതാവ് ബിലാൽ അൽ സുദാനിയും പത്ത് കൂട്ടാളികളും കൊല്ലപ്പെട്ടിരുന്നു.

# വെടിനിർത്തൽ രണ്ടാം ഘട്ടം: ഇന്നു ചർച്ച തുടങ്ങുമെന്ന് നെതന്യാഹു

ടെൽ അവീവ്: ഗാസ വെടിനിർത്തലിന്റെ രണ്ടാം ഘട്ടത്തിനായുള്ള ചർച്ച ഇന്നാരംഭിക്കുമെന്ന് ഇസ്രേലി പ്രധാനമന്ത്രി നെതന്യാഹുവിന്റെ ഓഫീസ് അറിയിച്ചു. ഇന്നലെ അമേരിക്കയിലേക്കു തിരിച്ച നെതന്യാഹു ഇന്ന് പ്രസിഡൻറ് ട്രംപിന്റെ പശ്ചിമേഷ്യാ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫുമായി കൂടിക്കാഴ്ച നടത്തും.

വെടിനിർത്തൽ തുടരുന്നതു സംബന്ധിച്ച ഇസ്രേലി നിലപാട് നെതന്യാഹു കൂടിക്കാഴ്ചയിൽ അറിയിക്കും. സ്റ്റീവ് വിറ്റ്കോഫ് ഇസ്രേലി നിലപാടുകൾ, വെടിനിർത്തൽ ചർച്ചയ്ക്കു മധ്യസ്ഥത വഹിക്കുന്ന ഖത്തറിനെയും ഈജിപ്തിനെയും അറിയിക്കും. നെതന്യാഹു ചൊവ്വാഴ്ച വൈറ്റ് ഹൗസിൽ പ്രസിഡൻറ് ട്രംപുമായും കൂടിക്കാഴ്ച നടത്തുന്നുണ്ട്.

മൂന്നു ഘട്ടങ്ങളായി വ്യവസ്ഥ ചെയ്തിരിക്കുന്ന വെടിനിർത്തലിന്റെ ഒന്നാം ഘട്ടം കഴിഞ്ഞ മാസം 19നു പ്രാബല്യത്തിൽ വന്നിരുന്നു. ആറാഴ്ച നീളുന്ന ഒന്നാം ഘട്ടം താത്കാലിക വെടിനിർത്തൽ മാത്രമാണ്. ഇക്കാലയളവിൽ ഗാസയിലെ ഹമാസ് ഭീകരരുടെ കസ്റ്റഡിയിൽനിന്ന് 33 ബന്ദികളെ മോചിപ്പിക്കാനാണ് ധാരണ. ഇതുവരെ 18 പേർ മോചിതരായിട്ടുണ്ട്. 70നു മുകളിൽ ബന്ദികൾ ഇനിയും ഹമാസിന്റെ കസ്റ്റഡിയിലുണ്ട്. മുഴുവൻ ബന്ദികളുടെ മോചനവും യുദ്ധം എന്നെന്നേക്കുമായി അവസാനിപ്പിക്കലുമാണ് രണ്ടാംഘട്ട വെടിനിർത്തലിൽ ഉദ്ദേശിക്കുന്നത്.

# മഞ്ചേരി മെഡിക്കൽ കോളേജിന് ദേശീയ മുസ്കാൻ അംഗീകാരം

### കുഞ്ഞുങ്ങൾക്ക് ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ഒരുക്കിയതിനുള്ള ദേശീയ അംഗീകാരം

മലപ്പുറം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന് ദേശീയ മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 93 ശതമാനം സ്കോറോടെയാണ് മുസ്കാൻ സർട്ടിഫിക്കേഷൻ നേടിയെടുത്തത്. ഇതോടെ സംസ്ഥാനത്തെ 3 ആശുപത്രികൾക്ക് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് ഐ.എം.സി.എച്ച്., വയനാട് മാനന്തവാടി മെഡിക്കൽ കോളേജ് എന്നീ ആശുപത്രികൾ മുസ്കാൻ സർട്ടിഫിക്കേഷൻ കഴിഞ്ഞ വർഷം നേടിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള സേവനങ്ങൾ ഉറപ്പാക്കുന്നതിന് വലിയ പരിശ്രമമാണ് നടത്തുന്നത്. സംസ്ഥാനത്ത് ആകെ 200 ആശുപത്രികൾ ദേശീയ ഗുണനിലവാര അംഗീകാരമായ എൻ.ക്യു.എ.എസ്. നേടി. ഇത് കൂടാതെ പ്രസവം നടക്കുന്ന ആശുപത്രികളെ ദേശീയ ലക്ഷ്യ സ്റ്റാന്റേഡിലേക്ക് ഉയർത്തി വരുന്നു. 12 ആശുപത്രികൾക്കാണ് ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചത്.

കൂടുതൽ ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്തെ ആശുപത്രികളെ മാതൃശിശു സൗഹൃദമാക്കാനായി വലിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്. മഞ്ചേരി മെഡിക്കൽ കോളേജിൽ മാതൃശിശു പരിചരണത്തിനായി നടത്തിയ ഇടപെടലുകൾക്കുള്ള അംഗീകാരമാണ് മുസ്കാൻ സർട്ടിഫിക്കേഷൻ. 2.66 കോടി രൂപ ചെലവഴിച്ച് 8 കിടക്കകളുള്ള പീഡിയാട്രിക് എച്ച്.ഡി.യു., 4 കിടക്കകളുള്ള പീഡിയാട്രിക് ഐ.സി.യു., ഓക്സിജൻ സൗകര്യങ്ങളോട് കൂടിയ 30 കിടക്കകളുള്ള പീഡിയാട്രിക് വാർഡ്, അത്യാധുനിക ഉപകരണങ്ങൾ തുടങ്ങിയ സംവിധാനങ്ങളൊരുക്കി. ജില്ലയിലെ സർക്കാർ മേഖലയിലെ ഏക സിക്ക് ന്യൂബോൺ കെയർ യൂണിറ്റാണ് (എസ്.എൻ.സി.യു.) മഞ്ചേരി മെഡിക്കൽ കോളേജിലുള്ളത്. ഈ തീവ്രപരിചരണ യൂണിറ്റിലേക്കായി 10 സ്റ്റാഫ് നഴ്സുമാരെ പ്രത്യേക പരിശീലനം നൽകി നിയമിച്ചു. മാസം തികയാതെ ഉൾപ്പെടെ ജനിക്കുന്ന അനേകം കുഞ്ഞങ്ങളെ രക്ഷിച്ചെടുക്കാൻ ഈ തീവ്ര പരിചരണ സംവിധാനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്.

നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് മുസ്കാൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

ശാരീരികവും മാനസികവും സാമൂഹികവുമായ വികസനം ഉൾപ്പെടെ കുട്ടികളുടെ വളർച്ചയുടെയും വികാസത്തിന്റെയും എല്ലാ സുപ്രധാന വശങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. നവജാത ശിശു തീവ്ര പരിചരണ യൂണിറ്റുകൾ, പ്രസവാനന്തര വാർഡുകൾ, പീഡിയാട്രിക് ഒപിഡികൾ, എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

# നാല്പത് ലക്ഷം രൂപയ്ക്ക് മഹാരാഷ്ട്ര പിഎസ്സി ചോദ്യപേപ്പർ; മൂന്ന് പേർ അറസ്റ്റിൽ

മുംബൈ: മഹാരാഷ്ട്രയിൽ പിഎസ്സി ഉദ്യോഗാർത്ഥികൾക്ക് 40 ലക്ഷം രൂപയ്ക്ക് പരീക്ഷാ ചോദ്യപേപ്പർ വാഗ്ദാനം ചെയ്ത സംഭവത്തിൽ മൂന്ന് പേർ അറസ്റ്റിൽ. ദീപക് ഗയാറാം ഗേഥനെ, സുമിത് കൈലാസ് ജാദവ്, യോഗേഷ് സുരേന്ദ്ര വാങ്മരെ എന്നിവരാണ് അറസ്റ്റിലായത്. രണ്ട് പ്രതികളെ ചകാൻ ഏരിയയിൽ നിന്നും ഒരാളെ നാഗ്പൂരിൽ നിന്നുമാണ് പിടികൂടിയത്. 40 ലക്ഷം രൂപയ്ക്ക് എംപിഎസ്സി ചോദ്യപേപ്പർ നൽകാമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് തട്ടിപ്പുകാർ ഉദ്യോഗാർത്ഥികളെ വിളിക്കുകയായിരുന്നു. തുടർന്ന് എംപിഎസ്സി സെക്രട്ടറി സുവർണ ഖരാത്ത് പൊലീസിൽ പരാതി നൽകുകയായിരുന്നു. പ്രതികളുടെ പക്കൽ നിന്നും 24 എംപിഎസ്സി ഉദ്യോഗാർത്ഥികളുടെ പേരും നമ്പറും പൊലീസ് കണ്ടെടുത്തിട്ടുണ്ട്. അന്വേഷണത്തിൽ ചോദ്യപേപ്പർ ചോർന്നതായി യാതൊരു തെളിവും ലഭിച്ചിട്ടില്ല. പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തതായും സംഭവത്തിൽ കൂടുതൽ അന്വേഷണം ആരംഭിച്ചതായും പൊലീസ് അറിയിച്ചു.

# സ്ത്രീ സുരക്ഷാ നിയമങ്ങളുടെ ദുരുപയോഗം; ഹർജി ഇന്ന് സുപ്രീം കോടതി പരിഗണിക്കും

ന്യൂഡൽഹി: സ്ത്രീ സുരക്ഷാ നിയമങ്ങൾ ദുരുപയോഗം ചെയ്യുന്നുവെന്നാരോപിച്ച് സമർപ്പിച്ച പൊതുതാല്പര്യ ഹർജി ഇന്ന് സുപ്രീം കോടതി പരിഗണിക്കും. സ്ത്രീധന നിരോധനം, ഗാർഹിക പീഡനം, ഇന്ത്യൻ പീനൽ കോഡിലെ സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം തുടങ്ങിയവ ചോദ്യം ചെയ്താണ് ഹർജി. നിയമങ്ങൾ യുക്തിരഹിതവും ദുരുദ്ദേശപരവുമാണെന്ന് ഹർജിയിൽ പറയുന്നു. രൂപ്ഷി സിങ് എന്നയാളാണ് സുപ്രീം കോടതിയിൽ ഹർജി സമർപ്പിച്ചത്. ജസ്റ്റിസുമാരായ ബി ആർ ഗവായ്, കെ വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിക്കുന്നത്. നിയമങ്ങൾ ദുരുപയോഗം ചെയ്ത് സ്ത്രീകൾ പുരുഷന്മാരെ ദ്രോഹിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഇത്തരം നിയമങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതിൽ നിന്ന് പുരുഷന്മാർക്ക് സംരക്ഷണം വേണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു.

വ്യാജകേസുകൾ നൽകി പുരുഷന്മാരെ ഉപദ്രവിക്കുകയാണ്. സ്ത്രീകൾ നടത്തുന്ന അതിക്രമങ്ങളിൽ നിന്ന് പുരുഷൻമാർക്ക് സംരക്ഷണം നൽകണമെന്നും ഹർജിക്കാരൻ ആവശ്യപ്പെടുന്നു. 1961ലെ സ്ത്രീധന നിരോധന നിയമം മതത്തിന്റെ അടിസ്ഥാനത്തിൽവിവേചനപരമാണെന്നും ഗാർഹിക പീഡനങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിന്റെ 2005ലെ വ്യവസ്ഥകൾ സ്ത്രീ കേന്ദ്രീകൃതവും പുരുഷന്മാർക്കെതിരായ വിവേചനപരവുമാണെന്നും ഹർജിയിൽ പറയുന്നു.

# യുക്രെയ്നിൽ തെരഞ്ഞെടുപ്പ് നടത്താൻ യുഎസ് സമ്മർദം

വാഷിംഗ്ടൺ ഡിസി: റഷ്യയുമായി വെടിനിർത്തലുണ്ടാകുന്ന പക്ഷം യുക്രെയ്നിൽ പൊതു തെരഞ്ഞെടുപ്പു നടത്താൻ യുഎസിലെ ട്രംപ് ഭരണകൂടം സമ്മർദം ചെലുത്തുന്നതായി റിപ്പോർട്ട്.

യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ മരവിപ്പിച്ചിരിക്കുന്ന യുക്രെയ്നിലെ പ്രസിഡൻറ്, പാർലമെൻറ് തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതുണ്ടെന്ന് ട്രംപിന്റെ യുക്രെയ്ൻ കാര്യങ്ങൾക്കുള്ള പ്രത്യേക പ്രതിനിധി കീത്ത് കെല്ലോഗ് ഒരഭിമുഖത്തിൽ പറഞ്ഞു.

യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കിയുടെ അഞ്ചുവർഷക്കാലാവധി 2024ൽ അവസാനിച്ചതാണ്. എന്നാൽ യുക്രെയ്നിൽ പട്ടാളനിയമം പ്രാബല്യത്തിലുള്ളതിനാൽ പ്രസിഡൻറ്, പാർലമെൻറ് തെരഞ്ഞെടുപ്പുകൾ നടത്തിയിട്ടില്ല.വെടിനിർത്തലിന്റെ ഭാഗമായി തെരഞ്ഞെടുപ്പു നടത്താൻ യുക്രെയ്നുമേൽ സമ്മർദം ചെലുത്തുന്നതിനെക്കുറിച്ച് യുഎസിൽ ആലോചന നടക്കുന്നതായി ഇതുമായി ബന്ധപ്പെട്ട രണ്ടു വൃത്തങ്ങൾ പറഞ്ഞതായി വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. ഈ വർഷം അവസാനിക്കുന്നതിനു മുന്പായി തെരഞ്ഞെടുപ്പു നടത്തുന്നതിനെക്കുറിച്ചാണ് ആലോചന. ഇക്കാര്യം യുക്രെയ്നെ ഔദ്യോഗികമായി അറിയിച്ചിട്ടില്ല.യുദ്ധം അവസാനിച്ചാൽ വർഷാവസാനം തെരഞ്ഞെടുപ്പു നടത്താമെന്ന് യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കി മുന്പു പറഞ്ഞിട്ടുണ്ട്. അതേസമയം, ട്രംപിനു മുന്പ് ബൈഡൻ ഭരണകൂടം രണ്ടുവട്ടം തെരഞ്ഞെടുപ്പിനായി യുക്രെയ്നുമേൽ സമ്മർദം ചെലുത്തിയിരുന്നു. യുദ്ധകാലത്തെ തെരഞ്ഞെടുപ്പ് രാജ്യത്തെ വിഭജിക്കുമെന്ന് ചൂണ്ടിക്കാട്ടി യുക്രെയ്ൻ ഈ ആവശ്യം നിരാകരിച്ചു.

# ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിരോധിച്ചു

സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മരുന്ന് പരിശോധനാ ലബോറട്ടറികളിൽ നടത്തിയ ഗുണനിലവാര പരിശോധനയിൽ ജനുവരി മാസത്തിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ താഴെ പറയുന്ന മരുന്നു ബാച്ചുകളുടെ വിതരണവും വിൽപ്പനയും സംസ്ഥാനത്ത് നിരോധിച്ചു.

ഈ മരുന്നുകളുടെ സ്റ്റോക്ക് കൈവശമുള്ള വ്യാപാരികളും ആശുപത്രികളും അവ തിരികെ വിതരണക്കാരന് നൽകി വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ ഡ്രഗ്സ് കൺട്രോൾ അധികാരികളെ അറിയിക്കണമെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു. മരുന്നിന്റെ പേര്, ഉൽപാദകർ, ബാച്ച് നമ്പർ, കാലാവധി എന്ന ക്രമത്തിൽ.

ONDEM-4 (Ondansetron Tablets IP), Alkem Health Science, Unit-2, Samardung, Karek Block, P.O.Namthang, District- Namchi, Sikkim-737 137., 24441451, 03/2026, Liquid Paraffin IP 400ml,Multicure Pharma Private Limited, Factory 14A, IDA, Yadadri, Bhongir-508 116(Hyderabad) TS,HP24002, 06/2026, Paradolo-500 (Paracetamol Tablets IP 500mg), Alventa Pharma Limited, Vill. Kishanpura, Baddi- Nalagarh Road, Tehsil Baddi, Distt. Solan (HP)-174101, AGT40554, 04/2027, Aclizac AS 75 (Clopidogrel and Aspirin Tablets IP), Sanctus Global Formulations Limited, Khasra.No. 587/588, Village.Kunjhal, Backside Jharmajri, Tehsil Baddi, Dist.Solan Himachal Pradesh- 174 103.,2403058, 02/2026, Amoxycillin & Potassium Clavulanate Tablets IP (MOX DOC-CV625), Theon Pharmaceuticals Ltd, Vill.Saini Majra, Tehsil Nalagarh, Dist. Solan (H.P) 174101, BT240671, 11/2025, Tramadol Hydrochloride & Paracetamol Tablets USP- Ultradol, Salud Care (I) Pvt.Ltd., 435, Kishanpur, Roorkee-247 661, ST24-0657, 02/2026, Ferrous Bisglycinate, Zinc Bisglycinate, Folic Acid & Methyl Cobalamin Tablets (MRP TAB), Logos Pharma, Village Maissa Tibba, Tehsil, Nalagarh, District Solan (H.P)-174101.,LGM12/140/12, 05/2025, Ascorbic Acid Tablets IP 500mg, Hindustan Antibiotics Ltd, At.11, W.E.A. Faridabad-121 001 (Haryana) R.O : Pimpri, Pune-411018, India., HVAA05, 04/2025, Diclofenac Gastro Resistant Tablets IP 50mg, Hindustan Laboratories Ltd, Plot.No. 5-9, Survey No.38/2, Aliyali, Palaghar(W), Dist.Palghar-401404(MS), Kerala Govt. supply, TFZ24003AL, 04/2026, Paracetamol Paediatric Oral Suspension IP, GMH Laboratories, Plot No. 13, Industrial Township, Bhatoli Kalan, Baddi-173205, Dist. Solan (H.P)-173205., GML-230134, 08/2025.

# റോഡ് ടാറിങ്ങ്: ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും

ചാലക്കുടി–ആനമല റോഡിൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി തമിഴ്നാട് ചെക്പോസ്റ്റ് മുതൽ ചാലക്കുടി ഭാഗത്തേക്ക് 10 കി.മീ ദൂരം ബി.സി ടാറിങ്ങ് പ്രവൃത്തി പുനരാരംഭിക്കുന്നതിനാൽ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും. 2025 ഫെബ്രുവരി 3 മുതൽ 17 വരെ പകൽ 10 മുതൽ വൈകിട്ട് 4 വരെ എമർജൻസി വാഹനങ്ങളൊഴികെ പ്രവൃത്തി നടക്കുന്ന റീച്ചിൽ ഗതാഗതം പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി യുടെയും സ്വകാര്യ ബസ്സുകളുടെയും സമയം ഇതനുസരിച്ച് ക്രമീകരിക്കും. വാഹന ഗതാഗതം വാഴച്ചാൽ ഫോറസ്റ്റ് ചെക്ക്പോസ്റ്റിൽ 7.30 മുതൽ 3.30 വരെയും മലക്കപ്പാറയിലുമുള്ള ഫോറസ്റ്റ് ചെക്ക്പോസ്റ്റിൽ രാവിലെ 9.30 മുതൽ 4 മണി വരെയും നിയന്ത്രിക്കും.

# 11 വയസുകാരിയെ പീഡിപ്പിച്ച 32കാരന് 78 വർഷം കഠിനതടവ് ശിക്ഷ

തിരുവനന്തപുരം: ഭാര്യയുടെ അമ്മയുടെ അനുജത്തിയുടെ 11 വയസുള്ള മകളെ പീഡിപ്പിച്ച കേസിൽ 32കാരനു 78 വർഷം കഠിന തടവും രണ്ടുലക്ഷം രൂപ പിഴയും വിധിച്ചു തിരുവനന്തപുരം പോക്സോ കോടതി. തിരുവനന്തപുരം പ്രിൻസിപ്പൽ പോക്സോ കോടതി ജഡ്ജി എം.പി. ഷിബുവാണ് ശിക്ഷ വിധിച്ചത്.

അടുത്ത ബന്ധുവെന്ന നിലയിൽ പെൺകുട്ടി പ്രതിയിൽ അർപ്പിച്ചിരുന്ന വിശ്വാസം മുതലെടുത്താണ് പ്രതി കുട്ടിയോട് ഇത്തരത്തിൽ ക്രൂരത കാണിച്ചതെന്നും അതിനാൽ പ്രതി യാതൊരുവിധത്തിലുമുള്ള ദയയും അർഹിക്കുന്നില്ലെന്നും പ്രോസിക്യൂഷൻ വാദം കോടതി അംഗീകരിക്കുകയാണുണ്ടായത്. സംഭവം റിപ്പോർട്ട് ചെയ്ത ഉടൻ തന്നെ പ്രതിയെ അറസ്റ്റ് ചെയ്യുകയും പ്രതിയ്ക്ക് ജാമ്യം അനുവദിക്കാതെ 14 മാസത്തിനുള്ളിൽ വിചാരണ പൂർത്തിയാക്കി ശിക്ഷ നൽകി എന്ന അപൂർവത കൂടി ഈ കേസിനുണ്ട്.

പാങ്ങോട് പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ സി.ഐ ഷാനിഫ് എച്ച്എസ് പ്രതിക്കെതിരെ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുകയും പ്രോസിക്യൂഷൻ ഭാഗത്തുനിന്നും 21 സാക്ഷികളെ വിസ്തരിച്ചു. 45 രേഖകളും ഹാജരാക്കി. പ്രോസിക്യൂഷനുവേണ്ടി പബ്ലിക് പ്ലോസിക്യൂട്ടർ കാട്ടായിക്കോണം ജെ.കെ. അജിത്പ്രസാദ് , അഭിഭാഷകയായ വി.സി. ബിന്ദു എന്നിവർ ഹാജരായി.

# ടെണ്ടർ ക്ഷണിച്ചു

തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിന്റെ ഔദ്യോഗിക ഉപയോഗത്തിനായി പുതിയ മോഡൽ എ സി കാർ വാടകയ്ക്കെടുക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: 0471 2459459.




സിഎംഎഫ്ആർഐയുടെ ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാനിന് കീഴിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട സ്വയം സഹായ സംഘങ്ങൾക്ക് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് കൂടുകൃഷി വലകൾ വിതരണം ചെയ്യുന്നു. ഡോ കെ മധു, ഡോ എ പി ദിനേശ്ബാബു, ഹരീഷ് നായർ എന്നിവർ സമീപം.



സിഎംഎഫ്ആർഐയുടെ മത്സ്യമേളയിൽ അലങ്കാരമത്സ്യങ്ങളെ വീക്ഷിക്കുന്ന

# സിഎംഎഫ്ആർഐ മേളയിൽ കൗതുകമുണർത്തുന്ന കടലറിവുകളുടെ പ്രദർശനം

കൊച്ചി: സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന ത്രിദിന മത്സ്യമേളയിൽ പൊതുജന ശ്രദ്ധ നേടി ഇന്ത്യയുടെ ആഴക്കടൽ മത്സ്യബന്ധന ഗവേഷണ പദ്ധതി. ഏറെ സാധ്യതകളുള്ള ആഴക്കടലിലെ മത്സ്യവൈവിധ്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടതാണ് സംയുക്ത ഗവേഷണ പദ്ധതി.

ഇന്ത്യൻ സമുദ്രാതിർത്തിയിലെ ആഴക്കടലിൽ ഗണ്യമായ മത്സ്യസമ്പത്തുണ്ട്. എന്നാൽ, ഇവ പിടിക്കപ്പെടാതെ കിടക്കുകയാണ്. ഇരുന്നൂറ് മീറ്റർ മുതൽ ആയിരം മീറ്റർ വരെ ആഴമുള്ള ഭാഗങ്ങളിൽ കാണപ്പെടുന്ന മിസോപെലാജിക് മത്സ്യങ്ങളെ മത്സ്യത്തീറ്റ ഉൾപ്പെടെയുള്ള നിരവധി ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനുള്ള ഗവേഷണ-വികസന ശ്രമങ്ങളാണ് സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ നടന്നുവരുന്നത്.

മെഴുക് ധാരാളമടങ്ങിയിരിക്കുന്നതിനാൽ ഇവ മനുഷ്യർക്ക് ഭക്ഷ്യയോഗ്യമല്ല. എന്നാൽ, മത്സത്തീറ്റക്ക് ഇവയെ ഉപയോഗിക്കുന്നതിലൂടെ ഈ ആവശ്യങ്ങൾക്ക് തീരക്കടലുകളിലെ മത്തി പോലുള്ള വാണിജ്യമത്സ്യങ്ങളെ അമിതമായി ആശ്രയിക്കുന്നത് തടയാനാകും. തീരക്കടലുകളിലെ മീനുകളിന്മേലുള്ള അമിത സമ്മർദം ഒഴിവാക്കി സുസ്ഥിരത മെച്ചപ്പെടുത്തുകയാണ് ഈ സംയുക്ത പദ്ധതിയുടെ ലക്ഷ്യം.

ഫാറ്റി ആസിഡുകളും കൊഴുപ്പുകളും കൊണ്ട് സമ്പന്നമാണ് മിസോപെലാജിക് മത്സ്യങ്ങൾ. ഇവ വ്യാവസായിക, ഔഷധ, ന്യൂട്രാസ്യൂട്ടിക്കൽ ആവശ്യങ്ങൾക്ക് ഏറെ പ്രയോജനകരമാകുമെന്നാണ് കരുതുന്നത്. ഇവയുടെ സാധ്യതകളും വെല്ലുവിളികളും വിലയിരുത്തും.

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, വ്യവസായികൾ എന്നിവരടങ്ങുന്നതാണ് സംയുക്ത പദ്ധതി. ഇന്ത്യയുടെ ആഴക്കടൽ മത്സ്യസമ്പത്ത് പ്രയോജനപ്പെടുത്തുമെന്ന കേന്ദ്ര ബജറ്റ് പ്രഖ്യാപനത്തോടെ ഈ പദ്ധതിക്ക് കൂടുതൽ പ്രാധാന്യ കൈവന്നിരിക്കുന്നുവെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

ആഴക്കടൽ മത്സ്യബന്ധനത്തിന് ഏറെ സാധ്യതകളുണ്ട്. നിലവിൽ, മീൻപിടുത്തം പ്രധാനമായും 200 നോട്ടിക്കൽ മൈൽ ദൂരപരിധിയിലുള്ള തീരക്കടലിലാണ് നടന്നുവരുന്നത്. ആഴക്കടൽ മത്സ്യയിനങ്ങൾ പിടിക്കുന്നതിന് പ്രത്യേക യാനങ്ങൾ, സാങ്കേതികവൈദഗ്ധ്യം, മാനേജ്മെന്റ് രീതികൾ എന്നിവ ആവശ്യമാണെന്നും ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

സിഎംഎഫ്ആർഐയുടെ ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാനിന് കീഴിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട വിവിധ മത്സ്യകർഷക സംഘങ്ങൾക്ക് വലകളും ത്രാസുകളും വിതരണം ചെയ്തു. കൂടുമത്സ്യകൃഷി, പെൻകൾച്ചർ എന്നിവയിൽ ഉപയോഗിക്കുന്നതിനുള്ള രണ്ടിനം വലകളാണ് എട്ട് സ്വയം സഹായക സംഘങ്ങൾക്ക് നൽകിയത്.

മേളയുടെ സമാപനദിനമായ തിങ്കളാഴ്ച രാവിലെ 10 മുതൽ മൂന്ന് വരെ കൗതുകമുണർത്തുന്ന കടലറിവുകളുടെ പ്രദർശനമുണ്ടാകും. ആഴക്കടൽ കാഴ്ചകൾ സമ്മാനിക്കുന്ന സിഎംഎഫ്ആർഐയുടെ മ്യൂസിയം, മറൈൻ അക്വേറിയം, വിവിധ ലബോറട്ടറികൾ എന്നിവ പൊതുജനങ്ങൾക്കായി തുറന്നിടും.



## വാഹന നികുതി : ഒറ്റതവണ നികുതി കുടിശ്ശിക തീർപ്പാക്കൽ മാർച്ച് 31 വരെ

മോട്ടോർ വാഹന നികുതി കുടിശ്ശിക, ഇളവുകളോടെ ഒടുക്കി ബാദ്ധ്യതയിൽ നിന്നും, നിയമ നടപടികളിൽ നിന്നും ഒഴിവാകാനുള്ള ഒറ്റതവണ നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി മാർച്ച് 31 ന് അവസാനിക്കും. 2020 മാർച്ച് 31 വരെ നികുതി ഒടുക്കിയതിന് ശേഷം നികുതി ഒടുക്കുവാൻ കഴിയാത്ത വാഹന ഉടമകൾക്ക് ഈ അവസരം ഉപയോഗപ്പെടുത്താം. 2020 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള നികുതിയും അധിക നികുതിയും പലിശയും ഉൾപ്പെടുന്ന ആകെ തുകയുടെ 30 ശതമാനം മാത്രം ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 40 ശതമാനം മാത്രം നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഒടുക്കി നികുതി ബാദ്ധ്യത ഒഴിവാക്കാം. 2020 മാർച്ച് 31 വരെയുള്ള നികുതി കുടിശ്ശിക പൂർണ്ണമായും ഒഴിവാക്കി.

വാഹനത്തിന്റെ രജിസ്ട്രേഷൻ നിലനിൽക്കുന്ന ആർ.ടി.ഒ/സബ് ആർ ടി ഓഫീസുകളിൽ കുടിശ്ശിക തീർപ്പാക്കാൻ സൗകര്യമുണ്ട്. പദ്ധതി പ്രകാരം നികുതി ഒടുക്കുന്നതിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, മോട്ടോർ തൊഴിലാളി ക്ഷേമനിധി വരിസംഖ്യ അടച്ച രശീത് എന്നിവ ആവശ്യമില്ല.

വാഹനത്തെ സംബന്ധിച്ച് രജിസ്ട്രേഡ് ഉടമക്ക് അറിവില്ലാതിരിക്കുകയോ വാഹനം മോഷണം പൊയെങ്കിലോ വാഹനം പൊളിച്ചുകളഞ്ഞെങ്കിലോ വാഹനം നശിച്ചു പോയെങ്കിലോ ഈ പദ്ധതി പ്രകാരം 2024 മാർച്ച് 31 വരെയുള്ള നികുതി ബാദ്ധ്യത തീർക്കാം. എന്തെങ്കിലും കാരണവശാലും വാഹനം നിരത്തിൽ സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയാൽ 2024 ഏപ്രിൽ 1 മുതലുള്ള നികുതി ഒടുക്കണമെന്നുള്ള വ്യവസ്ഥയ്ക്ക് വിധേയമായി തുടർന്നുള്ള നികുതി ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കും. വിശദ വിവരങ്ങൾ https://mvd.kerala.gov.in/sites/default/files/Downloads/Tax%20arrear%20direction%20c വെബ് ലിങ്കിലും മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിലും ലഭിക്കും.

## കേരളത്തിന് എയിംസ് അനുവദിക്കാത്തത് പ്രതിഷേധാർഹം: മന്ത്രി വീണാ ജോർജ്

കേരളത്തിന്റെ ദീർഘനാളത്തെ ആവശ്യമായ എംയിസ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ കേന്ദ്ര ബജറ്റിൽ അനുവദിക്കാത്തത് പ്രതിഷേധാർഹമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ ആരോഗ്യ മേഖലയോട് തികച്ചും അവഗണനയാണ് ഈ ബജറ്റിലും ഉണ്ടായിരിക്കുന്നത്. എയിംസിനായി കേന്ദ്രം പറഞ്ഞ നിബന്ധനകൾക്കനുസരിച്ച് കോഴിക്കോട് കിനാലൂരിൽ ഭൂമിയുൾപ്പെടെ ഏറ്റെടുത്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരുന്നു. കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിമാരെ കണ്ട് നിരവധി തവണ ഇക്കാര്യത്തിൽ അഭ്യർത്ഥനയും നടത്തിയിരുന്നു. കേരളത്തിന് അർഹതപ്പെട്ട എയിംസിന് എത്രയും വേഗം അനുമതി നൽകണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

## കല്ലുമ്മക്കായ ബിരിയാണി മുതൽ ആലങ്ങാടൻ ശർക്കര വരെ

കൊച്ചി: മത്സ്യപ്രേമികളെയും നാടൻ ഉൽപന്നങ്ങൾ തേടുന്നവരെയും ഒരുപോലെ ആകർഷിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ത്രിദിന മത്സ്യമേളക്ക് തുടക്കമായി. സീഫുഡ് ഫെസ്റ്റ്, സാങ്കേതികവിദ്യ പ്രദർശനം, ബയർ-സെല്ലർ സംഗമം, ഓപൺ ഹൗസ്, ശിൽപശാലകൾ, പരിശീലനം എന്നിവയാണ് മത്സ്യമേളയിലെ പ്രധാന ഇനങ്ങൾ.

കല്ലുമ്മക്കായ ബിരിയാണി, സാഗരസദ്യ, ചെമ്മീൻ പിടി, കരിമീൻ പൊള്ളിച്ചത് തുടങ്ങി കടൽ-കായൽ വിഭവങ്ങൾ കൊണ്ട് സമ്പന്നമാണ് മേളയിലെ സീഫുഡ് ഫെസ്റ്റ്. ശാസ്ത്രീയമായി ശുദ്ധീകരണം നടത്തിയ കായൽ മുരിങ്ങയും (ഓയിസ്റ്റർ) വൈവിധ്യങ്ങളായ പലഹാരങ്ങളും ലഭ്യമാണ്.

നാടൻ ഉൽപന്നങ്ങൾ കർഷകരിൽ നിന്ന് നേരിട്ട് കർഷക സംഘങ്ങൾ നേരിട്ടെത്തിക്കുന്ന നാടൻ ഉൽപന്നങ്ങളാണ് മേളയിലെ മറ്റൊരു ആകർഷണം. മേളയുടെ ഭാഗമായ ബയർ-സെല്ലർ സംഗമത്തിലാണ് ഈ ഉൽപന്നങ്ങൾ ലഭ്യമാകുന്നത്. എറെ ആവശ്യക്കാരുള്ള ആലങ്ങാടൻ ശർക്കര, മുരിങ്ങ പുട്ട്പൊടി, ചെറുധാന്യ പോഷകമിശ്രിതം, ബനാന ഹൽവ, ചക്കപ്പൊടി, പൊക്കാളി ഉൽപന്നങ്ങൾ, കൂൺ, തേൻ, എണ്ണകൾ, സുഗന്ധവ്യഞ്ജനങ്ങൾ, നാടൻ പലഹാരങ്ങൾ തുടങ്ങി ധാരാളം തദ്ദേശീയ ഉൽപന്നങ്ങൾ ലഭ്യമാണ്. കർഷക സംഘങ്ങളുടെ ഉൽപന്നങ്ങൾക്ക് വിപണിയൊരുക്കലും വ്യാപാര-വിതരണ കരാർ ഉറപ്പാക്കലും ബയർ-സെല്ലർ സംഗമം ലക്ഷ്യമിടുന്നു.

### വാങ്ങാം വർണ മത്സ്യങ്ങൾ

നിറവൈവിധ്യവും ആകാരഭംഗിയുമുള്ള അലങ്കാരമത്സ്യങ്ങളുടെ വിൽപനയും മേളയിലുണ്ട്. അരൊവണ, ഡിസ്കസ്, ഓസ്കാർ തുടങ്ങി അനേകം മത്സ്യയിനങ്ങൽ ലഭ്യമാണ്.

കൂടാതെ, കരിമീൻ കുഞ്ഞുങ്ങളും ലഭിക്കും.കൂടാതെ, പച്ചക്കറിതൈകൾ, വിത്തുകൾ, വളങ്ങൾ തുടങ്ങിയവയും മേളയുടെ ഭാഗാണ്.

ഫിഷറീസ് അനുബന്ധ മേഖലയിലെ ഗവേഷണ സ്ഥാപനങ്ങളുടെ സാങ്കേതികവിദ്യകളുടെ പ്രദർശനവും മേളയിലുണ്ട്. മേളയുടെ ഉദ്ഘാടനം ബംഗളൂരുവിലെ അഗ്രികൾച്ചർ ടെക്നോളജി അപ്ലിക്കേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ വി വെങ്കടസുബ്രമണ്യൻ ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. നബാർഡ് ഡെവലപ്മെന്റ് മാനേജർ അജീഷ് ബാലു, സിഎംഎഫ്ആർഐ ഷെൽഫിഷ് വിഭാഗം മേധാവി ഡോ എ പി ദിനേശ്ബാബു, ഡോ ഷോജി ജോയ് എഡിസൻ, ഡോ സ്മിത ശിവദാസൻ പ്രസംഗിച്ചു. രാവിലെ 10 മുതൽ രാത്രി വരെയാണ് മേളയുടെ സമയം.

കാർഷിക വിളകളിൽ ഡ്രോൺ ഉപയോഗ സാധ്യതകൾ പരിചയപ്പെടുത്തുന്ന പ്രദർശനം ഡൽഹിയിലെ കേരള സർക്കാർ പ്രതിനിധി പ്രൊഫ. കെ വി തോമസ് ഉദ്ഘാടനം ചെയ്തു. നെൽകൃഷി, പൈനാപ്പിൾ കൃഷിയിടങ്ങളിൽ സമയവും ചിലവും കുറയക്കാനും കൃഷിനാശം അളക്കാനും ഡ്രോണിന്റെ ഉപയോഗ സാധ്യതകൾ വിദഗ്ധർ വിശദീകരിച്ചു.

ഓപൺ ഹൗസിന്റെ ഭാഗമായി, മേളയുടെ സമാപന ദിവസമായ തിങ്കളാഴ്ച രാവിലെ 10 മുതൽ 3 വരെ കടലറിവുകളുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ നടത്തും. സിഎംഎഫ്ആർഐ മ്യൂസിയം, മറൈൻ അക്വേറിയം, വിവിധ ലബോറട്ടറികൾ തുടങ്ങിയവ പൊതുജനങ്ങൾക്കായി തുറന്നിടും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സ്മാർട്ട് അങ്കണവാടികൾ: സംസ്ഥാനതല ഉദ്ഘാടനം നാളെ മുഖ്യമന്ത്രി നിർവഹിക്കും

## യാഥാർത്ഥ്യമായത് ആകെ 117 സ്മാർട്ട് അങ്കണവാടികൾ

സംസ്ഥാനത്ത് പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പെരുങ്കടവിള ഒറ്റശേഖരമംഗലം കരവാറ 60-ാം നമ്പർ അങ്കണവാടി കേന്ദ്രീകരിച്ച് ജനാർദനപുരം ഹയർസെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ ഫെബ്രുവരി 3 ന് രാവിലെ 11 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. സി.കെ. ഹരീന്ദ്രൻ എംഎൽഎ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും. അതത് സ്മാർട്ട് അങ്കണവാടികളിലെ ഉദ്ഘാടന ചടങ്ങുകളിൽ മന്ത്രിമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുക്കും.അങ്കണവാടികളിൽ എത്തിച്ചേരുന്ന കുഞ്ഞുങ്ങളുടെ മാനസികവും ശാരീരികവുമായ വികസനത്തിന് ശിശു സൗഹൃദപരമാക്കുന്നതിന്റെ ഭാഗമായാണ് അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കിയതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. നിലവിൽ 189 സ്മാർട്ട് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളതിൽ 87 അങ്കണവാടികളുടെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ 30 സ്മാർട്ട് അങ്കണവാടികളാണ് ഇപ്പോൾ പ്രവർത്തനസജ്ജമായത്. ഇതോടെ 117 സ്മാർട്ട് അങ്കണവാടികൾ യാഥാർത്ഥ്യമായി. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിക്കുന്നതായും മന്ത്രി വ്യക്തമാക്കി.ഒന്നാം ക്ലാസിന് മുമ്പ് കുട്ടികൾ എത്തുന്ന ഇടമാണ് അങ്കണവാടികൾ. അതനുസരിച്ച് അങ്കണവാടികളുടെ അടിസ്ഥാന സൗകര്യത്തിലും കരിക്കുലത്തിലും വലിയ മാറ്റങ്ങൾ വരുത്തി. സ്ഥല സൗകര്യം അനുസരിച്ച് 10, 7.5, 5, 3, 1.25 സെന്റുകളുള്ള പ്ലോട്ടുകൾക്ക് അനുയോജ്യമായാണ് സ്മാർട്ട് അങ്കണവാടികൾ രൂപകല്പന ചെയ്തിരിക്കുന്നത്. കുഞ്ഞുങ്ങളുടെ ഭാവിയുടെ സമഗ്ര വികാസം ഉറപ്പാക്കിയാണ് സ്മാർട്ട് അങ്കണവാടികളിൽ സൗകര്യങ്ങളൊരുക്കിയിട്ടുള്ളത്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ ഏരിയ, ഹാൾ, പൂന്തോട്ടം തുടങ്ങിയ സൗകര്യങ്ങളുമുണ്ടാകും. വനിതശിശുവികസന വകുപ്പ്, ആർകെഐ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ. എന്നീ ഫണ്ടുകൾ സംയുക്തമായി വിനിയോഗിച്ചാണ് സ്മാർട്ട് അങ്കണവാടികൾ പൂർത്തീകരിച്ചത്.



ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി പ്രഥമ അത്‌ലറ്റിക് മീറ്റിൽ ഓവറോൾ ചാമ്പ്യൻമാരായ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് ലേണർ സപ്പോർട്ട് സെന്റർ ടീമിന് മന്ത്രിമാരായ കെ എൻ ബാലഗോപാൽ ജി ആർ അനിൽ എന്നിവർ ചേർന്ന് ട്രോഫി കൈമാറുന്നു

# ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി പ്രഥമ അത്‌ലറ്റിക്മീറ്റ് : കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് ലേണർ സപ്പോർട്ട് സെന്റർ ഓവറോൾ ചാമ്പ്യൻമാർ

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രഥമ അത്‌ലറ്റിക് മീറ്റിൽ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് ലേണർ സപ്പോർട്ട് സെന്റർ ഓവറോൾ ചാമ്പ്യൻമാരായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടന്ന വാശിയേറിയ പോരാട്ടങ്ങളിൽ ഇഞ്ചോടിഞ്ചു പൊരുതിയാണ് കൊല്ലം റീജ്യണൽ സെന്ററിന് കീഴിലുള്ള ഫാത്തിമ മാത നാഷണൽ കോളേജ് ലേണേർ സപ്പോർട്ട് സെന്റർ കായിക കിരീടം നേടിയത്.

എറണാകുളം മഹാരാജാസ് കോളേജ് എൽ.എസ്.സി, മലപ്പുറം മുണ്ടുപറമ്പ ഗവ. കോളേജ് എൽ.എസ്.സി എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

ഭക്ഷ്യ-സിവിൽ സപ്ലൈസ് മന്ത്രി ജി ആർ അനിൽ അധ്യക്ഷനായിരുന്ന സമാപന സമ്മേളനം ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്തു.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി അത്‌ലറ്റിക് മീറ്റ് കേരളത്തിൽ ആകെയുള്ള ഓപ്പൺ യൂണിവേഴ്സിറ്റി പഠിതാക്കളുടെ ഒരു സംഗമം മാത്രമല്ല, ഡൽഹി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും വന്ന വിദ്യാർഥികളും മീറ്റിൽ പങ്കെടുത്തിട്ടുണ്ടെന്നും, അതുകൊണ്ട് തന്നെ ഇതൊരു പാൻ-കേരള മീറ്റ് അല്ല മറിച്ച് ഒരു പാൻ-ഇന്ത്യൻ അത്‌ലറ്റിക് മീറ്റ് തന്നെയാണെന്നും മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സെന്ററുകൾ ഉണ്ട്. ഇപ്പോൾ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. കൊല്ലം ടൗണിന് നടുക്ക് എട്ടേക്കറിലധികം വരുന്ന സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അതിന്റെ വില നിശ്ചയിച്ചു കഴിഞ്ഞു. അധികം താമസിയാതെ തന്നെ സ്ഥലം വാങ്ങിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് മന്ത്രി അറിയിച്ചു. അത്‌ലറ്റിക് മീറ്റിൽ പങ്കെടുത്ത എല്ലാവർക്കും സംഘാടകർക്കും മന്ത്രി അഭിനന്ദനങ്ങളറിയിച്ചു.

ഈ അത്‌ലറ്റിക് മീറ്റ് രാജ്യത്തെ മറ്റ് ഓപ്പൺ യൂണിവേഴ്സിറ്റികൾക്ക് മാതൃകയാക്കാൻ കഴിയുന്ന ഒന്നാണെന്ന് മന്ത്രി ജി ആർ അനിൽ പറഞ്ഞു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പേര് നമ്മുടെ രാജ്യമോട്ടാകെ ചർച്ച ചെയ്യാൻ കഴിയുന്ന തരത്തിൽ യൂണിവേഴ്സിറ്റിയുടെ സ്ഥിരം പ്രവർത്തനങ്ങൾക്ക് പുറമേ കലാ-കായിക മേഖലകളിൽ പ്രത്യേകമായി നൽകുന്ന ശ്രദ്ധ ഒട്ടും പരാജയപ്പെട്ടില്ല എന്നതാണ് ഈ മീറ്റിൽ കാണാൻ കഴിയുന്നത്. വിദ്യാർഥികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകിയ ഈ മീറ്റ് വിജയകരമാക്കാൻ സാധിച്ച സംഘാടകർക്കും മത്സരത്തിൽ പങ്കെടുത്ത് വിജയം കൈവരിച്ച എല്ലാ വിദ്യാർഥികൾക്കും മന്ത്രി അഭിനന്ദനങ്ങളറിയിച്ചു.

സർവകലാശാല വൈസ് ചാൻസിലർ ഡോ ജഗതിരാജ് വി പി, ജനറൽ കൺവീനർ ഡോ സി ഉദയകല, സംഘാടക സമിതി കോഡിനേറ്റർ ഡോ എ പസിലിത്തിൽ, സിൻഡിക്കേറ്റ് അംഗങ്ങളായ എ നിസാമുദ്ദീൻ, പ്രഫ ടി എം വിജയൻ, ഡോ റെനി സെബാസ്റ്റ്യൻ, കെ അനുശ്രീ, സൈബർ കൺട്രോളർ ഡോ എം ജയമോഹൻ തുടങ്ങിയവർ സമാപന ചടങ്ങിൽ സന്നിഹിതരായിരുന്നു.

# 'പാവം സ്ത്രീ' പരാമർശം: സോണിയ ഗാന്ധിക്കെതിരേ അവകാശലംഘന നോട്ടീസ്

ന്യൂഡൽഹി: രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നയപ്രഖ്യാപന പ്രസംഗവുമായി ബന്ധപ്പെട്ട് സോണിയ ഗാന്ധി നടത്തിയ പരാമർശത്തിൽ അവകാശലംഘന നോട്ടീസ് നൽകി ബിജെപി. രാഷ്ട്രപതിയെ 'പാവം സ്ത്രീ' എന്നു വിളിച്ചതിനെതിരെയാണ് രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ് ധൻകറിന് ബിജെപി പരാതി നൽകിയത്.നയപ്രഖ്യാപന പ്രസംഗത്തിന്റെ അവസാന ഭാഗം എത്തിയപ്പോൾ രാഷ്ട്രപതി ക്ഷീണിച്ചു. സംസാരിക്കാൻ പറ്റാത്ത നിലയിലേക്കെത്തി. പാവം എന്നായിരുന്നു സോണിയ പറഞ്ഞത്. ഈ പരാമർശം പിന്നീട് വൻ വിവാദമായി.

സോണിയയുടെ വാക്കുകൾ രാഷ്ട്രപതിയെ ആക്ഷേപിക്കുന്നതും അപകീർത്തിപ്പെടുത്തുന്നതും രാജ്യത്തിന്റെ അത്യുന്നത പദവിയുടെ മഹിമ ഇടിച്ചു താഴ്ത്തുന്നതുമാണെന്ന് ബിജെപി ആരോപിച്ചു. പരാമർശം തെറ്റായി വ്യാഖ്യാനിക്കപ്പെട്ടെന്നും യാതൊരു വിധത്തിലുള്ള അനാദരവും സോണിയ ഗാന്ധിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ലെന്നും മകളും എംപിയുമായ പ്രിയങ്കാ ഗാന്ധി വ്യക്തമാക്കിയിരുന്നു. എന്റെ അമ്മയ്ക്ക് 78 വയസാണ് പ്രായം. ദൈർഘ്യമുള്ള പ്രസംഗമാണ് രാഷ്ട്രപതി നടത്തിയതെന്നും അതിനാൽ അവർ ക്ഷീണിതയായിട്ടുണ്ടെന്നുമാണ് അമ്മ ഉദ്ദേശിച്ചതെന്ന് പ്രിയങ്കാ ഗാന്ധി പറഞ്ഞു.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനീയറിങ്ങിൽ ഇലക്ട്രിക്കൽ ഫോർമാൻ തസ്തികയിലേക്ക് 730 രൂപ ദിവസവേതന നിരക്കിൽ ജോലിക്ക് താല്പര്യമുള്ള ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. എസ് എസ് എൽ സി, ഐ ടി ഐ ഇലക്ട്രിക്കൽ യോഗ്യതയും അഞ്ചു വർഷ തൊഴിൽ പരിചയവുമുള്ള ഉദ്യോഗാർഥികൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഫെബ്രുവരി 5 ന് രാവിലെ 10 മണിക്ക് ഇലക്ട്രിക്കൽ എൻജിനീയറിങ് വിഭാഗത്തിൽ ഹാജരാകണം. 18 41 വയസാണ് പ്രായപരിധി. അപേക്ഷ ഫോമിന്റെ മാതൃക ംംം.രലേ.മര.ശി വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യണം.

# തിരുവനന്തപുരം പഠനയാത്ര പൂർത്തിയാക്കി "സൂപ്പർ 100" വിദ്യാർത്ഥിനികൾ

പാലക്കാട് അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന തിരഞ്ഞെടുക്കപ്പെട്ട പെൺകുട്ടികൾക്കായി നടത്തി വരുന്ന പദ്ധതിയാണ് "സൂപ്പർ 100". അട്ടപ്പാടിയിലെ മുക്കാലി മോഡൽ റെസിഡൻഷ്യൽ സ്കൂളിലും, അഗളി സ്കൂളിലും പഠിക്കുന്ന 8 മുതൽ 11 ക്ലാസുകളിലെ 108 പെൺകുട്ടികളാണ് പദ്ധതിയുടെ ഭാഗമായുള്ളത്. ഇവർക്കിടയിൽ നൈപുണ്യ വികസനത്തിനുതകുന്ന വിവിധ പരിപാടികൾ ഉൾക്കൊള്ളുന്നതാണ് ഒരു വർഷം നീണ്ടു നിൽക്കുന്ന ഈ പദ്ധതി. അസാപ് കേരളയും പാലക്കാട് ജില്ലാ ഭരണകൂടവും റബ്ഫില ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയും ചേർന്ന് സംയുക്തമായി നടപ്പിലാക്കുന്ന "സൂപ്പർ 100" പദ്ധതി യുടെ ഭാഗമായി തിരുവനന്തപുരത്തേക്ക് പഠനയാത്ര നടത്തി. ജനുവരി 31, ഫെബ്രുവരി 1, 2 തീയതികളിൽ നടന്ന യാത്രയിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥലങ്ങൾ കുട്ടികൾ സന്ദർശിച്ചു. നിയമസഭാ സെക്രട്ടറി ഡോ.എൻ.കൃഷ്ണകുമാർ, ശ്രീധന്യ സുരേഷ് ഐഎഎസ്, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്, ആൽഫ്രഡ് ഒ വി, സബ് കളക്ടർ എന്നിവർ കുട്ടികളുമായി സംവദിച്ചു. കുട്ടികളുടെ മുന്നിലുള്ള അവസരങ്ങൾ എന്തൊക്കെ എന്ന് തിരിച്ചറിയാൻ സഹായിക്കുന്നതായിരുന്നു ഈ സെഷനുകൾ. കേരള നിയമസഭ, വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സെർവിസ്സ് സെന്റർ, പ്ലാനറ്റേറിയം, അസ്ട്രോണോമിക്കൽ ഒബ്സർവേറ്ററി, ഏഷ്യാനെറ്റ് ന്യൂസ് ഓഫീസ് തുടങ്ങിയവ സന്ദർശിച്ചു. ഓഗ്മെന്റഡ് റിയാലിറ്റി വിർച്യുൽ റിയാലിറ്റി ഉപകരണങ്ങൾ പരിചയപ്പെടുത്തുന്ന എക്സ്പെർട് സെഷനും കുട്ടികൾക്ക് ലഭ്യമാക്കി.

# ആർ.സി.സിയിൽ സൗജന്യ ഗർഭാശയഗള, സ്തനാർബുദ നിർണയ പരിശോധന ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെ

അർബുദത്തിന്റെ മുൻകൂർ നിർണയ, പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'ആരോഗ്യം ആനന്ദം' 'അകറ്റാം അർബുദം' ജനകീയ പ്രചാരണ പരിപാടിക്കൊപ്പം കൈകോർത്ത് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററും. ക്യാമ്പയിന്റെ ഭാഗമായി സ്ത്രീകൾക്കു വേണ്ടി സൗജന്യ ഗർഭാശയഗള, സ്തനാർബുദ നിർണയ പരിശോധന സംഘടിപ്പിക്കുന്നു. ലോക കാൻസർ ദിനമായ ഫെബ്രുവരി 4ന് ആരംഭിക്കുന്ന സൗജന്യ പരിശോധനാ ക്യാമ്പയിൻ മാർച്ച് 8 വനിതാ ദിനത്തിൽ അവസാനിക്കും. ആർ.സി.സി കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മുതൽ ഉച്ചക്ക് ഒരു മണി വരെയാണ് പരിശോധനാ സമയം. സൗജന്യമായി നടത്തുന്ന പ്രാഥമികതല പരിശോധനയ്ക്ക് ശേഷം രോഗം സംശയിക്കുന്നവർക്ക് കൂടുതൽ പരിശോധനകൾ നിർദേശിക്കും. ബുക്കിങ്ങിനും വിവരങ്ങൾക്കും 0471 2522299 എന്ന നമ്പറിൽ ബന്ധപ്പെടുക.

# രജിസ്ട്രേഷൻ ആരംഭിച്ചു

തൊഴിൽ വിപണിയിലെ ആധുനിക സാധ്യതകൾക്കനുസരിച്ചു രൂപകൽപ്പന ചെയ്തിട്ടുള്ള ഡിപ്ലോമ ഇൻ കംപ്യൂട്ടറൈസ്ഡ് ഓഫീസ് മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ (DCOMA) പ്രായോഗിക പരിശീലന പരിപാടിയുടെ പുതിയ (സായാഹ്ന / വാരാന്ത്യ) ബാച്ചുകളിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. ഫെബ്രുവരി 6 മുതൽ ക്ലാസുകൾ ആരംഭിക്കും. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും : www.lbt.ac.in/dcoma, +91 9447329978, 7012512076, 0471-2349232 / 2343395.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിങ് എഡ്യുക്കേഷൻ സെല്ലിന്റെ കീഴിൽ ഉടൻ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ടാലി, ഓട്ടോ കാഡ്, പൈത്തൺ പ്രോഗ്രാമിങ്, അപ്പാരൽ ഡിസൈനിങ്, ബ്യൂട്ടീഷ്യൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ആൺ കുട്ടികൾക്കും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് ഫോൺ: 0471-2490670.

# ടെണ്ടർ ക്ഷണിച്ചു

വനിതാ ശിശുവികസന വകുപ്പിന് കീഴിൽ അട്ടപ്പാടി ഐ.സി.ഡി.എസ്. പരിധിയിലെ അങ്കണവാടികളിൽ ശിശു സൗഹൃദ പെയിൻറിംഗ് നടത്തുന്നതിലേക്ക് ടെൻഡർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 2 ന് ഉച്ചയ്ക്ക് 2 മണി. ഫോൺ നമ്പർ : 04924-254234.

# കാൻസർ പ്രതിരോധത്തിന് ജനകീയ ക്യാമ്പയിനുമായി ആരോഗ്യ വകുപ്പ്

## ആരോഗ്യം ആനന്ദം-അകറ്റാം അർബുദം: ലോഗോ പ്രകാശനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു

കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കാൻസർ നേരത്തെ കണ്ടെത്തുന്നതിന് സംസ്ഥാനം നടത്തുന്ന വലിയ ചുവടുവയ്പ്പാണിത്. സർക്കാർ, സ്വകാര്യ മേഖലകൾ സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. ഈ കാലയളവിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയ്ക്ക് സ്ക്രീനിംഗ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

നവകേരളം കർമ്മപദ്ധതി രണ്ട് ആർദ്രം മിഷന്റെ ഭാഗമായി ശൈലി ആപ്പ് വഴി ആരോഗ്യ വകുപ്പ് നടത്തിയ സ്ക്രീനിംഗിന്റെ ആദ്യഘട്ടത്തിൽ ഏകദേശം 9 ലക്ഷത്തോളം പേർക്ക് കാൻസർ രോഗ സാധ്യത ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. ഈ 9 ലക്ഷം പേരിൽ 1.5 ലക്ഷം ആളുകൾ മാത്രമാണ് തുടർ പരിശോധനയ്ക്ക് സന്നദ്ധമായിരുന്നത്. അതായത് സ്ക്രീനിംഗിൽ പങ്കെടുത്ത 7.5 ലക്ഷം പേരും തുടർ പരിശോധനയ്ക്ക് സന്നദ്ധമാകുന്നില്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

നിരവധി കാരണങ്ങളാൽ പല കാൻസർ രോഗികളും അവസാന സ്റ്റേജുകളിലാണ് ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തുന്നത്. അപ്പോഴേയ്ക്കും രോഗം ഗുരുതരമാകുകയും പലപ്പോഴും മരണമടയുകയും ചെയ്യുന്നു. പല കാൻസറുകളും വളരെ നേരത്തെ കണ്ടത്തി ചികിത്സ തേടിയാൽ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും. ഇത് മുന്നിൽ കണ്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പ് പൊതുജനപങ്കാളിത്തത്തോടെ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിക്കുന്നതെന്നും മന്ത്രി പറഞ്ഞു.'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' കാൻസർ ജനകീയ ക്യാമ്പയിന്റെ ലോഗോ പ്രകാശനം പത്തനംതിട്ടയിൽ കുടുംബശ്രീ പ്രവർത്തകരുടെ സാന്നിധ്യത്തിൽ മന്ത്രി വീണാ ജോർജ് നിർവഹിച്ചു. കെ.യു. ജനീഷ് കുമാർ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഇൻ ചാർജ് ബീനപ്രഭ, വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. മോഹനൻ നായർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. അനിതകുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ്. ശ്രീകുമാർ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എസ്. ആദില എന്നിവർ പങ്കെടുത്തു.

